പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട ചോദ്യം<br>നം.472 | 24.10.2016 ൽ മറുപടി<br>നല്കേണ്ടത്. |

## മാനസികാരോഗ്യ പരിചരണ നിയമം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ബി.ഡി. ദേവസ്സി**<br>**,, എ. പ്രദീപ്കുമാർ**<br>**,, ഡി.കെ. മുരളി** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | കേന്ദ്രസർക്കാർ പാസ്സാക്കിയ മാനസികാരോഗ്യ പരിചരണ നിയമത്തിന്റെ പശ്ചാത്തലത്തിൽ, സംസ്ഥാനത്ത് ചികിത്സയും സംരക്ഷണവും ലഭിക്കാതെ അലഞ്ഞു നടക്കുന്ന മനോരോഗികളുടെ സംരക്ഷണത്തിനും ചികിത്സയ്ക്കുമായി ഒരുക്കിയിട്ടുള്ള സൗകര്യങ്ങൾ അറിയിക്കാമോ; | എ) | പുതിയമാനസികാരോഗ്യ പരിചരണ നിയമം പ്രാബല്യത്തിൽ വന്നിട്ടില്ല. 1987-ലെ മെന്റൽ ഹെൽത്ത് ആക്ടിലെ സെക്ഷൻ 23 & 24 - ൽ അലഞ്ഞു തിരിയുന്ന രോഗികളെ മാനസികാരോഗ്യ കേന്ദ്രങ്ങളിൽ പ്രവേശിപ്പിച്ച് ചികിത്സിപ്പിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി യിട്ടുണ്ട്. അതാത് പോലീസ് സ്റ്റേഷനുകളുടെ പരിധിയിൽ അലഞ്ഞു തിരിയുന്ന മാനസിക രോഗികളെ പോലീസ് ഏറ്റെടുത്ത് മജിസ്ട്രേറ്റിന്റെ മുമ്പിൽ ഹാജരാക്കുകയും മജിസ്ട്രേറ്റിന്റെ ഉത്തരവ് പ്രകാരം മാത്രം മാനസികാരോഗ്യ ചികിത്സാ കേന്ദ്രങ്ങളിൽ അഡ്മിറ്റ് ചെയ്യേണ്ട തുമാണ്. അലഞ്ഞ്തിരിഞ്ഞ് നടക്കുന്ന മനോരോഗികളുടെ സംരക്ഷണത്തിനും ചികിത്സയ്ക്കുമായുള്ള സൗകര്യം തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് ഗവ. മാനസികാരോഗ്യ കേന്ദ്രങ്ങളിൽ ഏർപ്പെടുത്തിയിട്ടുണ്ട്.അത്തരം രോഗികൾക്ക് ശരിയായ ചികിത്സ നൽകുകയും ചെയ്യുന്നു. അസുഖം ഭേദമാകുന്നമുറയ്ക്ക് ശരിയായ മേൽവിലാസം ലഭ്യമായ രോഗികളെ സുരക്ഷിതമായി വീട്ടിലെത്തിക്കാനുള്ള നടപടികൾ ചെയ്തു വരുന്നു. അന്യസംസ്ഥാന രോഗികൾ ആണെങ്കിൽ ചീഫ് ജുഡിഷ്യൽ മജിസ്ട്രേറ്റിന്റെ അനുമതിയോടെയും അവരെ ആ സംസ്ഥാനത്തെ ലീഗൽ സർവ്വീസ് അതോറിറ്റിയുമായി ബന്ധപ്പെട്ട് അവരവരുടെ വീടുകളിൽ എത്തിക്കുന്നതാണ്. വിലാസം ലഭ്യമല്ലാത്ത എന്നാൽ പുനരധിവാസം യോഗ്യരാ |

| | | | |
|---|---|---|---|
| | | | യവരെ സോഷ്യൽ ജസ്റ്റീസ് ഡിപ്പാർട്ട്മെന്റ് അംഗീകരിച്ച പുനരധിവാസ കേന്ദ്രങ്ങളിൽ ചീഫ് ജുഡിഷ്യൽ മജിസ്ട്രേറ്റിന്റെ അനുവാദത്തോടെ പ്രവേശിപ്പിക്കുന്നു. |
| ബി) | സർക്കാർ മാനസികാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ കുറവുകൊണ്ടും ആധുനിക ചികിത്സയ്ക്ക് വേണ്ട മരുന്നുകളുടെയും ഉപകരണങ്ങളുടെയും അപര്യാപ്തത കൊണ്ടുമുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടിയുണ്ടാകുമോ; | ബി) | മാനസികാരോഗ്യകേന്ദ്രങ്ങളിൽ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് താൽകാലികാടിസ്ഥാനത്തിൽസ്റ്റാഫിനെ നിയമിച്ചിട്ടുണ്ട്. സർക്കാർ എസൻഷ്യൽ ഡ്യൂട്ടി ലിസ്റ്റ് പ്രകാരമുള്ള മാനസികാരോഗ്യത്തിനുള്ള 39 ഓളം മരുന്നുകൾ എല്ലാ മാനസികാരോഗ്യ കേന്ദ്രങ്ങളിലും ലഭ്യമാണ്. കൂടുതൽ ആവശ്യം വരുന്ന മരുന്നുകൾ എച്ച്.എം.സി ഫണ്ട് ഉപയോഗിച്ച് വാങ്ങി രോഗികൾക്ക് നൽകി വരുന്നുണ്ട്. |
| സി) | സ്വകാര്യ മാനസികാരോഗ്യ കേന്ദ്രങ്ങളിൽ ചിലത് അശാസ്ത്രീയ ചികിത്സാ രീതികൾ പിൻതുടരുന്നവയാണെന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇത്തരം സ്ഥാപനങ്ങളെ നിരീക്ഷിക്കുവാനും നിയന്ത്രിക്കുവാനും ഫലപ്രദമായ സംവിധാനമുണ്ടോ; | സി) | ഉണ്ട്<br>സ്വകാര്യ മേഖലയിലുള്ള മാനസികാരോഗ്യ ചികിത്സാ കേന്ദ്രങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി 1987 ലെ മെന്റൽ ഹെൽത്ത് ആക്ടും 2012 ലെ കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് റൂൾസും പ്രകാരമുള്ള ലൈസൻസ് അവയുടെ പ്രവർത്തനത്തിന് നിർബന്ധമാക്കിയിട്ടുണ്ട്. ലൈസൻസിംഗ് പ്രക്രിയ തുടർന്നുവരുന്നു. ലൈസൻസിംഗ് അതോറിറ്റിയായ കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റിയാണ് ഇത്തരം സ്ഥാപനങ്ങളെ നിരീക്ഷിക്കുന്നതും നിയന്ത്രിക്കുന്നതും. നാളിതുവരെ ലൈസൻസിനായി 224 അപേക്ഷകൾ മെന്റൽ ഹെൽത്ത് അതോറിറ്റി ഓഫീസിൽ ലഭിച്ചിട്ടുണ്ട്.<br>ഇതിൽ 83 സ്ഥാപനങ്ങൾക്കാണ് ടി ആക്ടും റൂൾസും പ്രകാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാണ് എന്ന് കണ്ടെത്തിയിട്ടുള്ളത്. ഇതിൽ 76 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകി കഴിഞ്ഞു.<br>7 സ്ഥാപനങ്ങൾക്ക് കൂടി ലൈസൻസ് നൽകുവാൻ തീരുമാനിച്ചി ട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | രോഗമുക്തി നേടിയവരുടെ പുനരധിവാസത്തിനായി എന്തെങ്കിലും പദ്ധതിയുണ്ടെങ്കിൽ വിശദാംശം നൽകുമോ? | ഡി) | രോഗവിമുക്തി നേടിയവരുടെ പകൽ സമയ പുനരധിവാസത്തിനായി സംസ്ഥാനത്തൊട്ടാകെ 2013 - 2014 മുതൽ ആരോഗ്യവകുപ്പിന്റെ കീഴിൽ 26 പകൽ വീടുകൾ പ്രവർത്തിച്ചുവരുന്നു. എല്ലാ ജില്ലകളിലും പകൽ വീടുകൾ ഉണ്ട്. പകൽവീടുകളിൽ മാനസികരോഗം ഭേദമായവർക്ക് പകൽ സമയപരിചരണം, സൗജന്യഭക്ഷണം, സൗജന്യമായി മരുന്ന്, ജില്ലാ മാനസികാരോഗ്യ പദ്ധതിയുടെ ചികിത്സ, തൊഴിൽ പരിശീലനം, ശാരീരിക മാനസിക ഉല്ലാസത്തിന് വേണ്ടി പത്രങ്ങൾ മാസികകൾ, കാരംസ്, ബാഡ്മിന്റൻ തുടങ്ങിയ സൗകര്യങ്ങൾ ലഭ്യമാക്കി വരുന്നു. കോഴിക്കോട് ഇംഹാൻസിന്റെ കീഴിലുള്ള പുനരധിവാസ കേന്ദ്രം കോഴിക്കോട് സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിന്റെ ക്യാമ്പസിനുള്ളിൽ പ്രവർത്തിച്ചുവരുന്നു. ഏകദേശം 100 ഓളം രോഗികൾക്ക് തൊഴിൽ പരിശീലനവും നൽകിവരുന്നുണ്ട്.<br><br>പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിന്റെയും മംഗലപുരം ഗ്രാമപഞ്ചായത്തിന്റെയും ആരോഗ്യ വകുപ്പിന്റെയും ആഭിമുഖ്യത്തിൽ തിരുവനന്തപുരം ജില്ലയിലെ മംഗലപുരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനോടനുബന്ധിച്ച് "സാന്ത്വനം" എന്ന പേരിൽ ഒരു പകൽ വീട് പ്രവർത്തിച്ചുവരുന്നു. തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെയും നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെയും ആഭിമുഖ്യത്തിൽ വെഞ്ഞാറമൂടിന് സമീപം ഭവനരഹിതരും നിരാലംബരുമായ മനോരോഗികൾക്ക് വേണ്ടി ഒരു കെയർഹോം പ്രവർത്തിച്ചു വരുന്നു. മനോരോഗികളായ സ്ത്രീകൾക്ക് വേണ്ടി സമാനമായ രീതിയിൽ ഒരു കെയർഹോം സാമൂഹ്യക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് 'അഭയ' യിൽ പ്രവർത്തിച്ചു വരുന്നുണ്ട് |

| | | | |
|---|---|---|---|
| | | | കോഴിക്കോട് ബാലുശ്ശേരിയിൽ ഇംഹാൻസിന്റെയും 'സാന്ത്വന' എന്ന സന്നദ്ധസംഘടനയുടെയും സംയുക്ത ആഭിമുഖ്യത്തിൽ ഒരു പുനരധിവാസ കേന്ദ്രം പ്രവർത്തിച്ചു വരുന്നുണ്ട്<br><br>കോഴിക്കോട്, ഫറോക്ക് മുനിസിപ്പാലിറ്റിയുടെയും കോഴിക്കോട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽഹെൽത്ത് ആന്റ് ന്യൂറോ സയൻസിന്റെയും ആഭിമുഖ്യത്തിൽ 'പുതുജീവൻ' റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തിച്ചു വരുന്നു.<br>സാമൂഹ്യ നീതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആശാഭവനുകളിലും മനോവൈകല്യം ബാധിച്ചവർക്ക് തുടർചികിത്സയും പരിചരണവും നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ